വിൽപ്പനനികുതി ഏകീകരണംമൂലം വന്ന മാറ്റം

11 (1834) ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പനനികുതി ഏകീകരണത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ നികുതി നിർദ്ദേശങ്ങൾ എത്രയെണ്ണം പിന്നീട് കുറച്ചുവെന്നും/കൂട്ടിയെന്നും ഇത് എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം ഒരു നടപടി സ്വീകരിക്കാനുണ്ടായതിന്റെ കാരണം വിശദമാക്കുമോ;

(സി) ഏകീകൃത വിൽപ്പന നികുതി ഏർപ്പെടുത്തിയപ്പോൾ പിരിച്ച അധിക തുക, നികുതി കുറച്ച കേസുകളിൽ തിരിച്ച് നൽകുമോയെന്നും ഇത് എന്തു തുക വരുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഏകീകരണത്തിനുശേഷം നികുതിനിരക്കുകളിൽ കുറവുവരുത്തിയ സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു. ഒന്നിന്റെയും നികുതി പിന്നീട് കൂട്ടിയിട്ടില്ല.

ഇനം	നിലവിലുണ്ടായിരുന്ന നിരക്ക്	കുറവുവരുത്തിയതിനുശേഷമുള്ള നിരക്ക്
1. പത്രക്കടലാസ്	8%	2%
2. ഏലം	8%	4%
3. കുരുമുളക്	8%	4%
4. അടയ്ക്ക	8%	4%
5. ടൈറ്റാനിയം ഡയോക്സൈഡ് അനാടേസ്	30%	20%

ഇതിനും പുറമേ കൃഷിപണിയായുധങ്ങൾ, ബ്രാൻഡഡ് ബ്രഡ്, ബ്രാൻഡഡ് ഉപ്പ്, എന്നിവയെ നികുതിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

(ബി) മലഞ്ചരക്കുകളായ അടയ്ക്ക, കുരുമുളക്, ഏലം എന്നിവയ്ക്ക് അയൽ സംസ്ഥാനങ്ങൾ കേരളത്തിലെ തറനിരക്കിനെക്കാൾ കുറഞ്ഞ നികുതിയാണ് ഏർപ്പെടുത്തിയത്. അത് കള്ളക്കടത്തിന് വഴിവയ്ക്കുമെന്നു കണ്ടതിനാലാണ് മേൽപ്പറഞ്ഞവയുടെ നികുതി കുറച്ചത്.

(സി) അധികമായി പിരിച്ച തുക തിരിച്ചുനൽകുന്നതല്ല. ആ തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് വിജ്ഞാപനത്തിൽതന്നെ വ്യക്തമായി അനുശാസിക്കുന്നുണ്ട്. കണക്കുകൾ ഇപ്പോൾ ലഭ്യമായിട്ടില്ല.

വിവിധ നികുതി പിരിവുകൾ

12 (1835) ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും വിൽപ്പന നികുതി, കാർഷികാദായ നികുതി. രജിസ്ട്രേഷൻ, മോട്ടോർ വാഹന നികുതി എന്നീയിനത്തിൽ എത്ര തുക വീതം പിരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഇപ്രകാരം ലക്ഷ്യമിട്ട തുക മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വീതം കൂടുതലായിരുന്നു;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത ഇനങ്ങളിൽ യഥാർത്ഥത്തിൽ പിരിച്ചെടുത്ത ടാക്സ് എത്രയായിരുന്നു;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും മുകളിൽ പറഞ്ഞിട്ടുള്ള ഇനങ്ങളിൽ എന്തു തുക വീതം പിരിച്ചെടുക്കാൻ ആണ് ലക്ഷ്യമിട്ടത്;

(ഇ) മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം വീതം കൂടുതൽ ആയിരുന്നു;

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എന്തു തുക വീതം മുൻപറഞ്ഞ ഇനങ്ങളിൽ പിരിച്ചെടുത്തു;

(ജി) ഇത് ഓരോ വർഷവും പിരിച്ചെടുക്കണമെന്ന് ലക്ഷ്യമിട്ട തുകയുടെ എത്ര ശതമാനം വരും;

(എച്ച്) ഈ ഗവൺമെന്റിന്റെ കാലത്ത് നികുതി പിരിവിൽ കുറവുണ്ടാകുവാൻ കാരണമെന്ത്?

ഉത്തരം

(എ) പിരിക്കാൻ ലക്ഷ്യമിട്ടിരുന്ന തുക (കോടിയിൽ)

	1991-92	1992-93	1993-94	1994-95	1995-96
വിൽപ്പന നികുതി	998.60	1184.64	1478.20	1650.00	1930.16
കാർഷികാദായ നികുതി	25.00	27.00	39.00	40.90	27.00
രജിസ്ട്രേഷൻ	127.00	143.00	186.00	253.00	400.00
മോട്ടോർ വാഹനനികുതി	81.00	108.00	126.00	165.00	217.00

(ബി) ഓരോ ഇനത്തിലും മുമ്പത്തെ അപേക്ഷിച്ചുള്ള വർദ്ധന

	1991-92	1992-93	1993-94	1994-95	1995-96
വിൽപ്പന നികുതി	17%	19%	25%	12%	17%
കാർഷികാദായ നികുതി	32%	8%	44%	5%	(-) 34%
രജിസ്ട്രേഷൻ	15%	12%	30%	36%	58%
മോട്ടോർ വാഹനനികുതി	10.76%	33%	16.6%	31%	31.5%

(സി) (തുക കോടിയിൽ)

	1991-92	1992-93	1993-94	1994-95	1995-96
വിൽപ്പന നികുതി	1122.10	1305.59	1533.24	1864.94	2285.96
കാർഷികാദായ നികുതി	35.13	12.52	20.88	17.24	26.07
രജിസ്ട്രേഷൻ	135.45	169.49	205.87	265.35	317.29
മോട്ടോർ വാഹനനികുതി	93.9	111.89	151.06	183.90	222.87

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ വർഷവും പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക (കോടിയിൽ)

	1996-97	1997-98	1998-99	1999-2000
വിൽപ്പന നികുതി	2500	3276	3828	4144.10
കാർഷികാദായ നികുതി	28.35	30.6	26	29.65
രജിസ്ട്രേഷൻ	430	500	450	415.7
മോട്ടോർ വാഹനനികുതി	225	343	425	431

(ഇ)

	1996-97	1997-98	1998-99	1999-2000
വിൽപ്പന നികുതി	29%	31%	17%	8%
കാർഷികാദായ നികുതി	111%	2%	(-) 15%	14%
രജിസ്ട്രേഷൻ	7%	16%	(-) 10%	(-) 8%
മോട്ടോർ വാഹനനികുതി	11%	52%	23%	1%

(എഫ്)

	1996-97	1997-98	1998-99	1999-2000
വിൽപ്പന നികുതി	2772.28	3084.09	3366.62	2749.38
കാർഷികാദായ നികുതി	12.10	21.38	27.02	7.49
രജിസ്ട്രേഷൻ	315.57	279.10	295.51	270.69
മോട്ടോർ വാഹനനികുതി	247.59	301.63	350.30	431.00

(ജി) പിരിച്ചെടുക്കണമെന്ന് ലക്ഷ്യമിട്ട തുകയുടെ ശതമാനം

	1996-97	1997-98	1998-99	1999-2000
വിൽപ്പന നികുതി	11%	94%	88%	-
കാർഷികാദായ നികുതി	111%	70%	104%	-
രജിസ്ട്രേഷൻ	73%	55%	65%	-
മോട്ടോർ വാഹനനികുതി	111.10%	112.18%	111.60%	-

(എച്ച്) റബ്ബറിന്റെ വിലയിടിവ്, വിപണന രംഗത്തെയും കെട്ടിട നിർമ്മാണ രംഗത്തെയും മാന്ദ്യം പൊതുവായ സാമ്പത്തിക മാന്ദ്യം എന്നീ കാരണങ്ങളാൽ ലക്ഷ്യമിട്ടിരുന്ന തുക മുഴുവൻ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള വായ്പ കുടിശ്ശിക

13 ([T]1836) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മറ്റു സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുമായി സംസ്ഥാന സർക്കാരിൽ പിരിഞ്ഞു കിട്ടാനുള്ള വായ്പ കുടിശ്ശിക എത്രയാണെന്നു വ്യക്തമാക്കുമോ;

[T] മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly